# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 797 — 03.12.2014 ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സാധാരണ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ താറുമാറായിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | (എ) ഇല്ല. |
| (ബി) ഡോക്ടർമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും അഭാവം കാരണം കൂടുതൽ സമയവും അടഞ്ഞുകിടക്കുന്ന പി.എച്ച്.സികളെ പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) സ്റ്റാഫ് നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ക്ലാർക്കുമാരുടെയും അഭാവം ശ്രദ്ധയിൽപ്പെട്ട ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യം വഴി പരമാവധി ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ/വകുപ്പ് തല നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ